S A V E

SECRETARIAT AIKYA VEDI

THIRUVANANTHAPURAM - 1

Date 28-2-2002

Ref : No.
06/save/2002

1.3. 2002 ലെ പ്രസ്സ് കോൺഫ്രൻസിൽ പ്രസിദ്ധീകരണത്തിനായി നൽകുന്നത്.

"പക്ഷപാതരഹിതമായി ഭരിക്കുമെന്നു ഇൻഡ്യൻഭരണഘടനയുടെ അനുശാസനത്തിന് വിരുദ്ധമായി സ്നേഹം കൂടാതെ ജനങ്ങളെ ഭരിക്കുമെന്ന് പ്രതിജ്ഞയെടുത്തു കൊണ്ടാണു 2001 മെയ് മാസത്തിൽ ആന്റണി സർക്കാർ അധികാരത്തിൽ കയറിയതെന്ന യാഥാർത്ഥ്യം സെക്രട്ടറിയേറ്റ് ഐക്യവേദി (SAVE) കേരള ജനതയെ പൂർണ്ണമായി ബോദ്ധ്യമാക്കി കഴിഞ്ഞു. സത്യവാചകം ചൊല്ലിയതിലുള്ള ഈ ഭീമമായ തെറ്റ് ഗുരുതരമായ ഭരണഘടനാലംഘനമാണെന്ന് നിയമജ്ഞർ കണ്ടെത്തുകയും ചെയ്തു. ഈ വസ്തുതയെ ശരിയായ രീതിയിൽ വിലയിരുത്തി കൊണ്ടുതന്നെയാണ് സെക്രട്ടറിയേറ്റ് ഐക്യവേദി (SAVE) ഫെബ്രുവരി രണ്ടാം തിയതി ഭരണഘടനയെ മാനിച്ച് മന്ത്രിമാർ പുനഃസത്യപ്രതിജ്ഞ ചെയ്യണമെന്നാവശ്യപ്പെട്ടത്. നിയമവ്യവസ്ഥയെ മാനിക്കുന്ന ആദർശവാദിയായ നേതാവാണ് ശ്രീ. എ.കെ.ആന്റണി എന്ന വിശ്വാസത്തിലാണ് പുനഃസത്യപ്രതിജ്ഞയെന്ന നിർദ്ദേശം മുന്നോട്ടു വച്ചത്. പക്ഷെ അധികാരികളിൽ നിന്നും ഇതിനുള്ള നീക്കം കാണാത്തതു കൊണ്ട് 15.2.2002 ൽ ഇതുസംബന്ധിച്ച് വേണ്ട നടപടികൾ കൈ കൊള്ളുന്നതിനായി നമ്മുടെ രാഷ്ട്രപതിക്ക് ഐക്യവേദി ഫാക്സ് സന്ദേശം (കോപ്പി ഇതോടൊപ്പം) അയക്കുകയുണ്ടായി.

ഇൻഡ്യൻ ഭരണഘടനയിലെ അനുച്ഛേദം 164(3)ൽ വ്യക്തമായി പറയുന്നത് മന്ത്രിമാർ ഭരണഘടനയിലെ മൂന്നാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ തന്നെ സത്യപ്രതിജ്ഞ ചെയ്യണമെന്നാണ്. അധികാരം കൈയ്യാളുന്ന മന്ത്രിക്കുനൽകുന്ന നിബന്ധനകൾ ഈ സത്യവാചകത്തിൽ അടങ്ങിയിരിക്കുന്നു. ഭരണഘടനയും നിയമവുമനുസരിച്ചു കൊള്ളാമെന്ന സത്യവാചക ഭാഗത്തെതുടർന്നുള്ള ഒഴിവാക്കേണ്ട ദുർഗുണങ്ങളുടെ പട്ടികയിൽ നിന്നും 'പക്ഷപാത'ത്തെ മാറ്റുകയും 'സ്നേഹ'മെന്ന സദ്ഗുണത്തെ ഉൾകൊള്ളിക്കുകയും ചെയ്തതിലൂടെ സത്യപ്രതിജ്ഞാവേളയിൽ തന്നെ ഭരണഘടനയെ ഈ മന്ത്രിമാർ വെല്ലുവിളിച്ചു. ഭരണഘടനാവിരുദ്ധമായി സത്യവാചകം ചൊല്ലിയ എം.എൽ.എ മാർ മന്ത്രിമാരാകുന്നില്ല. അവർ ഇതുവരെ കൈയാളിയതും കൈയാളുന്നതുമായ അധികാരം അതുകൊണ്ടുതന്നെ നിയമവിരുദ്ധവുമാണ്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കുമായുണ്ടാക്കിയ ധാരണയും അതിനെ തുടർന്ന് സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്ത ഉത്തരവും അനിശ്ചിതകാല സമരത്തെ തുടർന്ന് നൂറുകണക്കിന് സർക്കാർ ജീവനക്കാരെ എസ്മ ഉപയോഗിച്ച് അറസ്റ്റ് ചെയ്തു ജയിലിലടച്ചതും എല്ലാം [illegible] അധികാരം വിനിയോഗിക്കാൻ പോലും അവകാശമില്ലാത്ത മന്ത്രിസഭ അധികാരം ദുർവിനിയോഗം ചെയ്യുന്നു. മറ്റൊരു കാര്യവും ഇതോടൊപ്പം ശ്രദ്ധേയമാണ്. ഭരണഘടന നിഷ്കർഷിക്കുന്ന രീതിയിൽ സത്യപ്രതിജ്ഞയെടുക്കാത്ത ശ്രീ. ശങ്കരനാരായണൻ കേരള സംസ്ഥാനത്തിന്റെ ധനമന്ത്രി ആകുന്നില്ല. അദ്ദേഹം വെറും നിയമസഭാസാമാജികൻ മാത്രമാണ്. അതുകൊണ്ടു തന്നെ ഭരണഘടന